# കേരളസർവകലാശാല

നം.പി.ആർ.247/2020

# പത്രക്കുറിപ്പ്

## കേരള സർവ്വകലാശാല അലുംനി അസോസിയേഷൻ മെമ്പർഷിപ് വിതരണം ആരംഭിച്ചു

കേരളസർവ്വകലാശാല അലുംനി അസോസിയേഷൻ **(UKAA)** പുനസംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. വി. പി. മഹാദേവൻ പിള്ളയെ പ്രസിഡന്റായും സിൻഡിക്കേറ്റ് മെമ്പറും പൂർവ്വവിദ്യാർത്ഥിയുമായ അഡ്വ.കെ.എച്ച്. ബാബുജാൻ വർക്കിംഗ് പ്രസിഡന്റായും പൊതുയോഗം തെരഞ്ഞെടുത്തു. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡയറക്ടർ പ്രൊഫ. ആർ. വസന്തഗോപാലാണ് ജനറൽ സെക്രട്ടറി. വിഖ്യാത ശാസ്ത്രജ്ഞൻ പ്രൊഫ. സി. എൻ. ആർ. റാവു ഉൾപ്പെടെ **16** അംഗ രക്ഷാധികാര സമിതിയേയും **22** അംഗ ഉപദേശക സമിതിയെയും **75** അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയേയും തെരഞ്ഞെടുത്തിട്ടുണ്ട്. പൂർവ വിദ്യാർത്ഥികളുടെ സഹകരണത്തോടെ യൂണിവേഴ്സിറ്റിയുടെ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും മെമ്പർഷിപ് കാമ്പെയ്ൻ ആരംഭിക്കുവാനും യോഗം ഏകകണ്ഠമായി തീരുമാനിച്ചു. സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലോ സെന്ററുകളിലോ പഠന വകുപ്പുകളിലോ പഠനം പൂർത്തിയാക്കിയവർക്ക് http://alumni.keralauniversity.ac.in എന്ന ലിങ്കുവഴി അസോസിയേഷനിൽ അംഗമാകാം. കൂടുതൽ വിവരങ്ങൾക്ക് **9895018010** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## എം.ടെക് കമ്പ്യൂട്ടർ സയൻസ് സ്പോട്ട് അഡ്മിഷൻ

കേരളസർവ്വകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ **AICTE** അംഗീകാരമുള്ള എം.ടെക് കമ്പ്യൂട്ടർ സയൻസ് (ഡിജിറ്റൽ ഇമേജ് പ്രോസസ്സിംഗ് സ്പെഷ്യലൈസേഷൻ) കോഴ്സിന് ഈഴവ,മുസ്ലിം, **BPL SC ST OBC -** ക്രിസ്ത്യൻ **,** സ്പോൺസേർഡ് വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 17/12/2020 നു രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് . കൂടുതൽ വിവരങ്ങൾക്ക് 8137806393 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക .

# എം.ടെക് ഒപ്റ്റോഇലക്ട്രോണിക്സ് സ്പോട്ട് അഡ്മിഷൻ

കേരളസർവ്വകലാശാലയിലെ ഒപ്റ്റോഇലക്ട്രോണിക്സ് പഠനവിഭാഗത്തിൽ എം.ടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോഇലക്ട്രോണിക്സ് ആൻഡ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ) കോഴ്സിന് ഈഴവ,മുസ്ലിം, **BPL SC ST OBC** ക്രിസ്ത്യൻ, സ്പോൺസേർഡ് വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **21/12/2020** നു രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് . കൂടുതൽ വിവരങ്ങൾക്ക് 0471-2308167 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**13.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**